# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂലൈ 17**

---

## ബിരുദം; സപ്ലിമെന്ററി അലോട്ട്മെന്റിന് 25 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഓൺലൈനിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി ജൂലൈ 25ന് രാവിലെ പത്തുവരെ നീട്ടി. cap.mgu.ac.in ൽ രജിസ്റ്റർ ചെയ്യാം.

ഒന്നും രണ്ടും സപ്ലിമെന്ററി അലോട്ട്മെൻറുകൾ യഥാക്രമം ജൂലൈ 28നും ഓഗസ്റ്റ് ഒന്നിനും പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/1832/2025)

## എംഎഡ് പ്രവേശനം; അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ എംഎഡ് പ്രവേശനത്തിനുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ ജൂലൈ 22ന് മുൻപ് കോളജുകളുമായി ബന്ധപ്പെട്ട് സ്ഥിര പ്രവേശനം നേടണം. ഒന്നാം വർഷ എംഡ് ക്ലാസുകൾ ജൂലൈ 23ന് ആരംഭിക്കും.

(പി.ആർ.ഒ/39/1833/2025)

## പി.ജി, ബി.എഡ്; രണ്ടാം പ്രത്യേക അലോട്ട്മെന്റിന് ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ, ബി.എഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപെട്ടവർക്കുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റിന് ഇന്നു(ജൂലൈ 18) വൈകുന്നേരം വരെ ഓൺലൈനിൽ (cap.mgu.ac.in) രജിസ്റ്റർ ചെയ്യാം. മറ്റു വിഭാഗങ്ങളിൽ പെട്ടവർക്കും അപേക്ഷ നൽകാം.

നിലവിൽ പ്രവേശനം എടുത്തവർക്കും അലോട്ട്മെന്റ് ലഭിക്കാത്തവർക്കും റദ്ദായവർക്കും ഈ അവസരം പ്രയോജനപ്പെടുത്താം. നിലവിൽ അപേക്ഷിച്ചിട്ടുള്ളവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. പ്രവേശനം എടുത്തവർ പ്രത്യേക അലോട്ട്മെന്റിൽ അപേക്ഷിക്കുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി അലോട്ട് ചെയ്യപ്പെടുന്ന പ്രോഗ്രാമിലേക്ക് മാറണം. കോളജുകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ ലഭിക്കും.

ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും അപേക്ഷ നൽകാം.

(പി.ആർ.ഒ/39/1834/2025)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എംഎസ്സി എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (സിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പ രീക്ഷകൾ ജൂലൈ 23ന് കാലടി ശ്രീശങ്കര കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

........................

അഞ്ചാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2022 അഡ്മി ഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ് ജൂലൈ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ആറു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ എംഎ ആനിമേഷൻ, എംഎ ഗ്രാഫിക് ഡിസൈൻ, എംഎ സിനിമ ആന്റ് ടെലിവിഷൻ, എംഎ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം (സിഎസ്എസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 22 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

........................

രണ്ടാം സെമസ്റ്റർ എം.എ സിഎസ്എസ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ മോഹിനിയാട്ടം, ചെണ്ട പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 21 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്

സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ബേസിക് സയൻസസ് കെമിസ്ട്രി (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2020, 2021 അഡ്മിഷൻ സപ്ലിമെന്ററി മെയ് 2025) ഫിസിക്സ് കോംപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 21 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1835/2025)

## പരീക്ഷ മാറ്റി

ജൂലൈ 23 ന് നടത്താനിരുന്ന മോഡൽ ഒന്ന് ആനുവൽ സ്കീം ബിഎ പാർട്ട്-3 (അവസാന മെഴ്സി ചാൻസ് ഡിസംബർ 2024) പ്രിൽസിപ്പൽസ് ഓഫ് സോഷ്യോളജി (2001 മുതലുള്ള അഡ്മിഷനുകൾ) പരീക്ഷ ജൂലൈ  30 ലേക്ക് മാറ്റി. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1836/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**